# യോഹന്നാന്റെ ജീവപഠനം

## ദൂത് പതിനാറ്

## വിശക്കുന്നവരുടെ ആവശ്യം-
## ജീവന്റെ പോഷണം

## (2)

### II. ക്ലേശം നിറഞ്ഞ ലോകവും
### സമാധാനം നൽകുന്ന ക്രിസ്തുവും

Mon ക്ലേശം നിറഞ്ഞ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ലോകം ആകമാനം ക്ലേശം നിറഞ്ഞതാണ്. കുടുംബജീവിതവും വിദ്യാലയ ജീവിതവും വിവിധ തരത്തിലുള്ള തൊഴിലുകളും-എല്ലാം ക്ലേശസമ്പൂർണ്ണമാണ്. ആരാണ് സമാധാനം ഉള്ളവർ-പ്രസിഡന്റോ, സെനട്ടർമാരോ, പാർലമെന്റ് അംഗങ്ങളോ? ആർക്കും സമാധാനമില്ല. നിങ്ങൾ ആരായാലും നിങ്ങൾ ക്ലേശിക്കുന്നുണ്ട്. നമുക്കെല്ലാം ക്ലേശങ്ങളുണ്ട്. നിങ്ങളുടെ വിവാഹജീവിതം ഉത്തമമാണെന്ന് വമ്പ് പറയരുത്. ഒരു വിവാഹ ജീവിതംപോലും തികച്ചും ഉത്തമമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല; എല്ലാ വിവാഹജീവിതവും കുറെയൊക്കെ യെങ്കിലും അപര്യാപ്തമായിരിക്കും. ദൈവത്തിന്റെ പരമാധികാര നിർണയപ്രകാരം നാമെല്ലാം വിവാഹിതരാകണം-രക്ഷപ്പെടാൻ യാതൊരു മാർഗ്ഗവുമില്ല- എന്നാൽ വിവാഹിതരായവരെല്ലാം തങ്ങൾ കുഴപ്പത്തിലാണെന്ന് സ്വയം കണ്ടെത്തുന്നു.

ക്രിസ്തു ക്ലേശം നിറഞ്ഞ ഈ ലോകത്തിലേക്ക് സമാധാനദായ കനായ ക്രിസതുവായി വരുന്നു(6:16-21). യോഹന്നാൻ 6 വിശക്കുന്ന ലോകത്തെ മാത്രമല്ല, ക്ലേശം നിറഞ്ഞ ലോകത്തെയും ചിത്രീകരി ക്കുന്നു. ക്രിസ്തു വിശക്കുന്ന ലോകത്തിന് പോഷിപ്പിക്കുന്ന ക്രിസ്തുവും ക്ലേശം നിറഞ്ഞ ലോകത്തിന് സമാധാനദായകനായ ക്രിസ്തുവും ആണ്. ലോകം എല്ലാവരെയും ക്ലേശിപ്പിച്ചേക്കാം, എന്നാൽ അതിന് അവനെ ക്ലേശിപ്പിക്കുവാൻ കഴിയുകയില്ല.

## A. ക്ഷോഭിച്ച കടലും വീശുന്ന കാറ്റും മനുഷ്യജീവിതത്തിലെ ക്ളേശങ്ങളെ സൂചിപ്പിക്കുന്നു

ക്ഷോഭിച്ച കടലും ശക്തിയായി വീശുന്ന കാറ്റും മനുഷ്യജീവിതത്തിലെ ക്ളേശങ്ങളെ സൂചിപ്പിക്കുന്നു. കടലിനടിയിൽ ഭൂതങ്ങളും വായുമണ്ഡലത്തിൽ അശുദ്ധാത്മാക്കളും ഉണ്ട്. അതുകൊണ്ടാണ് നമുക്ക് ക്ളേശങ്ങളുള്ളത്. എങ്ങനെ നമുക്ക് സമാധാനപൂർണ്ണമായ ദിവസം പ്രതീക്ഷിക്കാനാകും? നാം അതിന് പറ്റിയ ഇടത്തല്ല.

## B. കടലിന്മീതെയുള്ള യേശുവിന്റെ നടപ്പ് മനുഷ്യജീവിതത്തിന്റെ എല്ലാ ക്ളേശങ്ങളെയും കീഴടക്കുന്നതിനെ സൂചിപ്പിക്കുന്നു

യേശു കടലിന്മീതെ നടന്നു(6:19). മനുഷ്യജീവിതത്തിന്റെ എല്ലാ ക്ളേശങ്ങളെയും കർത്താവിന് കീഴടക്കുവാൻ കഴിയുമെന്ന് ഇത് സൂചിപ്പിക്കുന്നു. അവന് മനുഷ്യജീവിതത്തിലെ വിഷമിപ്പിക്കുന്ന തിരമാലകൾക്കു മീതെ നടക്കുവാനാകും. എല്ലാ അസ്വസ്ഥതയും അവന്റെ കാൽക്കീഴിലാണ്. എല്ലാ ഓളങ്ങളുടെയും മീതെ ക്രിസ്തു നടന്നു. ഓളങ്ങൾ ഏറി വരുന്തോറും അവയ്ക്കു മീതെയുള്ള നടപ്പ് അവൻ ഏറെ ആസ്വദിച്ചതായി തോന്നും. തിരമാലകൾ അവന്റെ ശിഷ്യന്മാരെ ഭയപ്പെടുത്തി. എന്നാൽ അവയ്ക്കു മീതെ അവൻ നടന്നു. അവൻ ഇങ്ങനെ പറയുന്നതായി തോന്നും,"ഭൂതങ്ങളേ, വലിയ ഓളങ്ങളുണ്ടാക്കൂ. അപ്പോൾ എനിക്ക് കൂടുതൽ ആസ്വാദനമുണ്ടാകും. നിന്റെ ഓളങ്ങൾക്കു മീതെ എനിക്ക് നടക്കുവാനാകും."ഇതാണ് സമാധാനദായകനായ ക്രിസ്തു.

ശിഷ്യന്മാർ അവനെ പടകിലേക്ക് സ്വീകരിച്ചപ്പോൾ, ഉടനെ പടക് അവർ പോകുന്ന ദേശത്ത് എത്തിപ്പോയി(6:21). നിങ്ങൾ സമാധാനപൂർണ്ണമായ ഒരു ജീവിതം ആഗ്രഹിക്കുന്നുവോ? അങ്ങനെയെങ്കിൽ, നിങ്ങൾ കർത്താവിനെ നിങ്ങളുടെ"പടകിലേക്ക്"സ്വീകരിക്കണം. "പടക്"നിങ്ങളുടെ വിവാഹജീവിതമാകാം, കുടുംബമാകാം, അല്ലെങ്കിൽ തൊഴിലാകാം. അവൻ നിങ്ങളുടെ പടകിലേക്ക് വരുമ്പോൾ മനുഷ്യജീവിതയാത്രയിൽ നിങ്ങൾ അവനോടൊത്ത് സമാധാനം ആസ്വദിക്കും. വിവാഹജീവിതത്തിലേക്ക് നിങ്ങൾ ക്രിസ്തുവിനെ സ്വീകരിക്കുകയാണെങ്കിൽ, നിങ്ങളുടെ വിവാഹജീവിതം സമാധാനപൂർണ്ണമായിരിക്കും. നിങ്ങൾ അവനെ നിങ്ങളുടെ കുടുംബത്തിലേക്ക് സ്വീകരിക്കുന്നുവെങ്കിൽ, നിങ്ങളുടെ കുടുംബം ശാന്തമായിരിക്കും. നിങ്ങളുടെ ജോലിയിലേക്ക് നിങ്ങൾ അവനെ സ്വീകരിച്ചാൽ നിങ്ങളുടെ ജോലി സമാധാനപൂർണ്ണമായിരിക്കും. ക്രിസ്തുവിനെ കൂടാതെ ലോകം വിശപ്പുള്ളതാണ്. ക്രിസ്തുവില്ലെങ്കിൽ ലോകം കുഴപ്പത്തിലാണ്. എന്നാൽ അവനോടൊപ്പം നമുക്ക് സംതൃപ്തിയും സമാധാ

നവും ഉണ്ട്. അവൻ പോഷിപ്പിക്കുന്ന ക്രിസ്തുവും സമാധാനദായകനായ ക്രിസ്തുവും ആണ്. കർത്താവിന് സ്തോത്രം!

## III. ജീവന്റെ അപ്പം

### A. നശിച്ചുപോകുന്ന ആഹാരം അന്വേഷിക്കുന്നവർ

22 മുതൽ 31 വരെയുള്ള വാക്യങ്ങളിൽ നശിച്ചു പോകുന്ന ആഹാരം അന്വേഷിക്കുന്നവരെ നാം കാണുന്നു. അവർ സംതൃപ്തി അന്വേഷിക്കുകയായിരുന്നു. ഏതുതരത്തിലുള്ള ഭക്ഷണം ആളുകൾ അന്വേഷിച്ചാലും, അവരെല്ലാം സംതൃപ്തി അന്വേഷിക്കുന്നു. ഈ ജനം ദൈവത്തിനുവേണ്ടി ചിലതെല്ലാം ചെയ്യുവാനും പ്രവർത്തിക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂടാതെ അവർ അടയാളങ്ങളും അത്ഭുതങ്ങളും അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദൈവസംബന്ധമായി വീണുപോയ മനുഷ്യനുള്ള ധാരണ എല്ലായ്പ്പോഴും അവൻ ദൈവത്തിനുവേണ്ടി ചിലത് ചെയ്യണമെന്നും ദൈവത്തിനുവേണ്ടി പ്രവർത്തിക്കണമെന്നുമാണ്. ഇത്, ഉല്പത്തി 2-ലെ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ തത്ത്വമാണ്. ദൈവത്തിന് മനുഷ്യനെ സംബന്ധിച്ച ചിന്ത മനുഷ്യൻ അവനിൽ വിശ്വസിക്കണം, അതായത്, ജീവനും ജീവസഹായവുമായി അവനെ സ്വീകരിക്കണം എന്നതാണ്. ഇത്, ഉല്പത്തി 2-ലുള്ള ജീവവൃക്ഷത്തിന്റെ തത്ത്വമാണ്. നശിച്ചുപോകുന്ന ആഹാരത്തിനായി അന്വേഷിക്കുന്നതിനുള്ള മറുപടി കർത്താവിൽ വിശ്വസിച്ചുകൊണ്ട് അവനെ സ്വീകരിക്കണം എന്നതാണ്(6:29).

### B. നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം

32 മുതൽ 71 വരെയുള്ള വാക്യങ്ങളിൽ നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം നാം കാണുന്നു. ഈ ഭാഗം ശ്രദ്ധാപൂർവ്വം വായിച്ചാൽ കർത്താവ് ജഡാവതാരം ചെയ്തുവെന്നും ക്രൂശിക്കപ്പെട്ടുവെന്നും നമ്മിൽ നിവസിക്കുവാൻ ഉയിർത്തുവെന്നും ആരോഹണം ചെയ്തുവെന്നും നാം കാണുന്നു; അവൻ ജീവൻനൽകുന്ന ആത്മാവായിത്തീർന്നിരിക്കുന്നു; തുടർന്ന് ജീവനുള്ള തന്റെ വചനത്തിൽ അവൻ ഉണ്ട്. ഈ ഭാഗങ്ങൾ ഓരോന്നായി നമുക്ക് പരിഗണിക്കാം.

#### *1. മനുഷ്യന് ജീവൻ നൽകുവാനായി ജഡാവതാരം ചെയ്ത് മനുഷ്യന്റെ അടുക്കലേക്ക് വരുന്നു*

കർത്താവ് ജഡാവതാരം ചെയ്ത് മനുഷ്യന്റെ അടുക്കലേക്ക് വന്നത്, മനുഷ്യന് ജീവൻ നൽകുന്നതിന് ആയിരുന്നു എന്ന് 35 മുതൽ 51 വരെയുള്ള വാക്യങ്ങൾ വെളിപ്പെടുത്തുന്നു. ഏതു മാർഗ്ഗത്തിൽ ഭക്ഷണമായി, ജീവന്റെ അപ്പമായി കർത്താവിനെ സ്വീകരിക്കുവാൻ നമുക്ക് കഴിയും? ഈ അദ്ധ്യായം, ആ മാർഗ്ഗം ആലങ്കാരികമായി

വെളിപ്പെടുത്തുന്നു. എന്നാൽ അനേക തലമുറകളായി ആളുകൾ അത് അവഗണിച്ചിരിക്കുന്നു. അവൻ“സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നു” എന്ന് ഒന്നാമത് കർത്താവ് പറഞ്ഞു(6:33,38,41,42,50,51,58). ഏത് മാർഗ്ഗത്തിൽ അവൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു? ജഡാവതാരത്താൽ അവൻ ഇറങ്ങിവന്നു. ജഡരക്തങ്ങളിൽ ഭാഗഭാക്കായിക്കൊണ്ട് അവൻ ഒരു മനുഷ്യനായിത്തീർന്നു(എബ്രാ.2:14). അവൻ ജഡത്തിൽ വന്നു; ഒരു മനുഷ്യനായി വന്നു. പിശാചും അശുദ്ധാത്മാക്കളും ഇത് വെറുക്കുന്നു. ഒരു വ്യക്തിക്ക് അശുദ്ധാത്മാവുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുവാനുള്ള ഒരേയൊരു മാർഗ്ഗം, ആ ഭൂതത്തോട് അല്ലെങ്കിൽ ആത്മാവിനോട്, യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് ഏറ്റുപറയുവാൻ ആവശ്യപ്പെടുകയാണ്(1 യോഹ.4:2). നമ്മുടെ ജീവനായിത്തീരുവാൻ കർത്താവ് സ്വീകരിച്ച ഒന്നാമത്തെ പടി ജഡാവതാരമാണ്.

“യേശു അവരോട് പറഞ്ഞത്, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുനാളും വിശക്കുകില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല”എന്ന് 35-ാം വാക്യം പറയുന്നു. “ഭക്ഷിക്കുവാൻ നല്ലത്” ആയ ജീവസഹായമായിരിക്കുന്ന ജീവവൃക്ഷം(ഉല്പ.2:9) പോലെ ജീവന്റെ അപ്പവും ഭക്ഷണരൂപത്തിലുള്ള ജീവസഹായമാണ്. കർത്താവിന്റെ അടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകില്ല, അവനിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല. അദ്ധ്യായം 2-ൽ വ്യക്തമാക്കിയിരിക്കുന്ന തത്ത്വത്തിൽ ഇതും മരണത്തെ ജീവനാക്കി മാറ്റുന്നതാണ്. മരണം, അറിവിന്റെ വൃക്ഷത്തിന്റെ സ്രോതസ്സിൽനിന്നും ജീവൻ, ജീവവൃക്ഷത്തിന്റെ സ്രോതസ്സിൽനിന്നും ഉള്ളതാണ്.“പിതാവിനെ ആരെങ്കിലും കണ്ടിട്ടുണ്ട് എന്നല്ല, ദൈവത്തിൽ നിന്നുള്ളവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളൂ”എന്ന് 46-ാം വാക്യം പറയുന്നു.“ദൈവത്തിൽ നിന്ന്”എന്ന് തർജ്ജമ ചെയ്തിരിക്കുന്നതിന്റെ ഗ്രീക്കിലുള്ള അർത്ഥം“ദൈവത്തിൽനിന്ന്,” “ദൈവത്തോടു കൂടെ”എന്നാണ്. കർത്താവ് ദൈവത്തിൽനിന്ന് മാത്രമല്ല ദൈവത്തോടുകൂടെയും ആണ്. അവൻ ദൈവത്തിൽനിന്നുള്ളവൻ മാത്രമല്ല, ദൈവത്തോടുകൂടെയും ആണ്. ദൈവത്തിൽനിന്നുള്ളവൻ ആയിരിക്കെത്തന്നെ അവൻ ദൈവത്തോടുകൂടെയും ആണ് (8:16,19; 16:32).

“ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു. വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്” എന്ന് 47-ാം വാക്യത്തിൽ കർത്താവ് പറയുന്നു. കർത്താവിലേക്ക് വിശ്വസിക്കുന്നത് അവനെ വിശ്വസിക്കുന്നതിന് തുല്യമല്ല(വാ.30). അവനെ വിശ്വസിക്കുക എന്നാൽ അവൻ സത്യവാനും യഥാർത്ഥവാനും ആകുന്നു എന്ന് വിശ്വസിക്കുകയാണ്. എന്നാൽ അവനിലേക്ക് വിശ്വസിക്കുന്നതിന്റെ അർത്ഥം അവനെ സ്വീകരിക്കുകയും അവനുമായി ഒന്നാകുകയും ആണ്. ഈ വാക്യ

ത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിത്യജീവൻ ദൈവത്തിന്റെ സൃഷ്ടിക്കപ്പെടാത്ത ജീവനായ ദിവ്യജീവനാണ്. അത് കാലാനുസൃതമായി എന്നേക്കും നിലനിൽക്കുന്നത് മാത്രമല്ല, പ്രകൃതത്തിൽ നിത്യവും ദിവ്യവുമാണ്.

Tue

### *2. മനുഷ്യന് ഭക്ഷിക്കുവാനായി അറുക്കപ്പെടുന്നു*

കർത്താവിന്റെ മരണം ഭക്ഷണമായി നാം അവനിൽ പങ്കാളിയാകുവാൻ അവനെത്തന്നെ നമുക്ക് ലഭ്യമാക്കുവാനുള്ള അവന്റെ രണ്ടാമത്തെ പടിയായിരുന്നു. ഒരു സാധാരണ മാർഗ്ഗത്തിലല്ല, വളരെ അസാധാരണമായ മാർഗ്ഗത്തിലായിരുന്നു അവൻ നമുക്കായി മരിച്ചത്. ക്രൂശിന്മേൽ തറയ്ക്കപ്പെട്ടുകൊണ്ടായിരുന്നു അവൻ അറുക്കപ്പെട്ടത്. ഈ മരണം അവന്റെ രക്തത്തെ തന്റെ മാംസത്തിൽനിന്ന് വേർപ്പെടുത്തി. അക്കാലത്ത് ജീവിച്ചിരുന്ന ഒരു യെഹൂദനായിരുന്നുവെങ്കിൽ നിങ്ങൾക്ക് ഇത് നന്നായി അറിയാവുന്ന ഒരു കാര്യം ആയിരുന്നേനേ. യെഹൂദന്മാർ പെസഹായ്ക്ക് കുഞ്ഞാടിനെ അറുക്കുന്നത് എങ്ങനെയെന്ന് വിവരിക്കുന്ന ഒരു ലേഖനം ഞാനൊരിക്കൽ വായിക്കുകയുണ്ടായി. യെഹൂദന്മാർ കുഞ്ഞാടിനെ ഒരു ക്രൂശിന്മേൽ വയ്ക്കുമായിരുന്നു എന്ന് ആ ലേഖനം പറഞ്ഞു. റോമാ സാമ്രാജ്യം കുറ്റവാളികളെ ക്രൂശിക്കുവാൻ ക്രൂശീകരണം എന്ന മരണശിക്ഷ ഉപയോഗിച്ചിരുന്നു എന്ന് തീർച്ചയായും നമുക്കെല്ലാം അറിയാം. എന്നാൽ റോമാ സാമ്രാജ്യത്തിന് വളരെ മുമ്പുതന്നെ യെഹൂദന്മാർ തങ്ങളുടെ പെസഹയ്ക്ക് കുഞ്ഞാടിനെ അറുക്കുവാൻ ഈ രീതി ഉപയോഗിച്ചിരുന്നു. അവർ രണ്ട് ദണ്ഡുക്കൾ എടുത്ത് ക്രൂശിന്റെ രൂപം ആക്കുമായിരുന്നു. രണ്ടു കാലുകൾ അവർ ക്രൂശിന്റെ ചുവട്ടിൽ കെട്ടിവച്ച്, മറ്റു രണ്ടു കാലുകൾ വിടർത്തി കുറുകെയുള്ള ദണ്ഡിൽ കെട്ടുമായിരുന്നു. അതിന്റെ മുഴുവൻ രക്തവും തൂകിപ്പോകത്തക്കവിധം പിന്നീടവർ കുഞ്ഞാടിനെ അറുക്കുമായിരുന്നു. അവരുടെ വാതിൽപടികളിൽ തളിക്കുവാനായി അതിന്റെ മുഴുവൻ രക്തവും അവർക്കാവശ്യമായിരുന്നു. അതുകൊണ്ട് രക്തം പൂർണ്ണമായും അതിന്റെ മാംസത്തിൽ നിന്ന് വേർപെടുത്തിയിരുന്നു.

കർത്താവ് ഇതേ രീതിയിൽ മരിച്ചു. വാസ്തവത്തിൽ, അവരുടെ പെസഹയുടെ സമയത്ത് അവന്റെ മരണം സംഭവിച്ചിരുന്നു. യെഹൂദന്മാരുടെ പെസഹയുടെ പാശ്ചാത്തലത്തിൽ യോഹന്നാൻ 6-ാം അദ്ധ്യായം ക്രമീകരിച്ചു എന്നു നാം കണ്ടു. അതുകൊണ്ട് ജനത്തിന്റെ മനസ്സ് പെസഹയെ സംബന്ധിച്ച ചിന്തകൾകൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു. ഇത് പാശ്ചാത്തലമായിരിക്കെ, തന്റെ മാംസം ഭക്ഷിക്കണമെന്നും, തന്റെ രക്തം കുടിക്കണമെന്നും, കർത്താവ് അവരോട് പറഞ്ഞു. പെസഹാ കുഞ്ഞാടിന്റെ ചൊരിയപ്പെട്ട രക്തം സ്വീകരിക്കുന്നതിനും അതിന്റെ മാംസം ഭക്ഷിക്കുന്നതിനും പകരം ദൈവത്തിന്റെ

പെസഹായ്ക്കുള്ള യഥാർത്ഥ കുഞ്ഞാട് കർത്താവാണെന്ന് അവർ മനസ്സിലാക്കണം. അവരുടെ മുമ്പുള്ള പെസഹാ കുഞ്ഞാടുകളെല്ലാം ക്രിസ്തുവിന് ഒരു മുൻകുറി ആയിരുന്നു. ഇപ്പോൾ അവനാണ് അവർക്കുവേണ്ടി അറുക്കപ്പെടുവാനുള്ള യഥാർത്ഥ കുഞ്ഞാട്. അവന്റെ രക്തം അവരുടെ പാപങ്ങൾക്കുവേണ്ടി ചൊരിയപ്പെടുകയും, അവന്റെ മാംസം അവരുടെ യാഥാർഥ ജീവനുവേണ്ടി ഭക്ഷിക്കപ്പെടുകയും ചെയ്യും. ഒരു വശത്ത് അവന്റെ രക്തം പാപങ്ങളിൽനിന്ന് അവരെ വീണ്ടെടുക്കുകയും, മറുവശത്ത് അവന്റെ മാംസം അവർക്ക് ജീവൻ പ്രദാനം ചെയ്യുകയും ചെയ്യും.

യെഹൂദന്മാർ ഇത് ഗ്രഹിച്ചില്ല; അവർ കർത്താവിനെ ദൈവത്തിന്റെ കുഞ്ഞാട് എന്ന നിലയിൽ അവഗണിക്കുകപോലും ചെയ്തു. എന്നാൽ നമുക്കുവേണ്ടി മരിച്ച ദൈവത്തിന്റെ കുഞ്ഞാടാണ് കർത്താവെന്നും, നമ്മുടെ പാപങ്ങളുടെ വീണ്ടെടുപ്പിനുവേണ്ടി അവന്റെ രക്തം ചൊരിയപ്പെട്ടുവെന്നും, നമ്മുടെ ജീവനായി ഭക്ഷിക്കുവാൻ അവന്റെ മാംസം നൽകപ്പെട്ടുവെന്നും ഇന്ന് നമുക്കറിയാം. വിശ്വാസത്താൽ നാം അവന്റെ രക്തം സ്വീകരിക്കുകയും വിശ്വാസത്താൽ നാം അവന്റെ മാംസം ഭക്ഷിക്കുകയും ചെയ്യുന്നു. അപ്പോൾ നമ്മുടെ ജീവനായി നമുക്ക് അവനുണ്ട്.

മനുഷ്യന് ഭക്ഷിക്കുവാൻ കർത്താവ് അറുക്കപ്പെടണമായിരുന്നു. ആദ്യം കൊല്ലപ്പെടാതെ ഒന്നും ഭക്ഷിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട്, അടുക്കള ഒരു കശാപ്പുശാലയാണ്. ഉദാഹരണത്തിന് ജീവനുള്ള പശുവിനെയോ കോഴിയെയോ ഭക്ഷിക്കുവാൻ നമുക്ക് സാദ്ധ്യമല്ല. അവ ആദ്യം കൊല്ലപ്പെടണം. ഒരു ഉള്ളിപോലും നമുക്ക് ഭക്ഷിക്കുവാൻ കഴിയുന്നതിനു മുമ്പ് കൊല്ലപ്പെടണം. ഒരു കത്തികൊണ്ട് അത് കൊല്ലപ്പെട്ടില്ലെങ്കിൽ നമ്മുടെ പല്ലുകൾകൊണ്ട് അത് കൊല്ലപ്പെടും. അതുപോലെ, നമുക്ക് കർത്താവിനെ ഭക്ഷിക്കുവാനായി അവൻ അറുക്കപ്പെടേണ്ടിയിരുന്നു.

“ഞാൻ കൊടുക്കാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു”എന്ന് 5-ാം വാക്യത്തിൽ കർത്താവ് പറയുന്നു. ഇവിടെ അപ്പം മാംസമാകുന്നു. അപ്പം സസ്യജീവനിൽ നിന്നുള്ളതാണെന്നും അത് ഭക്ഷിക്കുവാൻ മാത്രമുള്ളതാണെന്നും, മാംസം ജന്തുജീവനിൽ നിന്നുള്ളതാണെന്നും, അത് ഭക്ഷിക്കുവാൻ മാത്രമല്ല, എന്നാൽ വീണ്ടെടുപ്പിനുവേണ്ടിയും ഉള്ളതാണെന്നും നാം കണ്ടു. മനുഷ്യന്റെ വീഴ്ചയ്ക്കു മുമ്പ് കർത്താവ് മനുഷ്യന് ഭക്ഷിക്കുവാൻ മാത്രമായി ജീവന്റെ വൃക്ഷമായിരുന്നു (ഉല്പ.2:9). മനുഷ്യൻ പാപത്തിൽ വീണുപോയതിനുശേഷം കർത്താവ് മനുഷ്യന്റെ ഭക്ഷണത്തിനായി മാത്രമല്ല, അവന്റെ വീണ്ടെടുപ്പിനും(പുറ.12:4,7-8)വേണ്ടി കുഞ്ഞാടായി(യോഹ.1:29). നമുക്ക് ജീവ

നുണ്ടാകുവാൻ കർത്താവ് അവന്റെ ശരീരം, അതായത്, അവന്റെ മാംസം, നമുക്കു വേണ്ടി മരിക്കുവാനായി നൽകി. 53-ാം വാക്യത്തിൽ രക്തവും കൂട്ടിച്ചേർത്തിരിക്കുന്നു. അവിടെ കർത്താവ്,"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ(നിങ്ങളിൽ) ജീവൻ ഇല്ല," എന്ന് പറയുന്നു. വീണ്ടെടുപ്പിനായി രക്തം ആവശ്യമായതുകൊണ്ട് ആണ് ഇവിടെ രക്തം ചേർക്കപ്പെട്ടിരിക്കുന്നത്(യോഹ.19:34; എബ്രാ.9:22; മത്താ.26:28; 1 പത്രൊ.1:18-19; റോമ.3:25)

"എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്; ഞാൻ അന്ത്യനാളിൽ അവനെ ഉയിർത്തെഴുന്നേല്പ്പിക്കും"എന്ന് 54-ാം വാക്യത്തിൽ കർത്താവ് പറയുന്നു. ഇവിടെ രക്തവും മാംസവും വെവ്വേറെ പരാമർശിച്ചിരിക്കുന്നു. രക്തം മാംസത്തിൽനിന്ന് വേർപെട്ടിരിക്കുമ്പോൾ അത് മരണത്തെ സൂചിപ്പിക്കുന്നു. അതുകൊണ്ട്, തന്റെ മരണത്തെ, അതായത്, താൻ അറുക്കപ്പെടുന്നതിനെ, കർത്താവ് ഇവിടെ വ്യക്തമായി സൂചിപ്പിച്ചു. നമുക്ക് നിത്യജീവൻ ലഭിക്കേണ്ടതിന് അവൻ നമുക്കായി തന്റെ ശരീരം നൽകുകയും അവന്റെ രക്തം ചിന്തുകയും ചെയ്തു. അവന്റെ മാംസം ഭക്ഷിക്കുക എന്നാൽ നമുക്കായി തന്റെ ശരീരം നൽകിക്കൊണ്ട് അവൻ ചെയ്തതെല്ലാം വിശ്വാസത്താൽ സ്വീകരിക്കുക എന്നാണ്. അവന്റെ രക്തം കുടിക്കുക എന്നാൽ നമുക്കായി തന്റെ രക്തം ചിന്തുകയാൽ അവൻ നിർവ്വഹിച്ചതെല്ലാം വിശ്വാസത്താൽ സ്വീകരിക്കുക എന്നാണ്. ഇത്തരത്തിൽ അവന്റെ മാംസം ഭക്ഷിക്കുന്നതും അവന്റെ രക്തം പാനം ചെയ്യുന്നതും ക്രൂശിന്മേൽ അവൻ നമുക്കായി ചെയ്തവയിൽ വിശ്വസിക്കുന്നതിനാൽ, ജീവനായും ജീവസഹായമായും അവന്റെ വീണ്ടെടുപ്പിൽ അവനെ നാം സ്വീകരിക്കുവാനാണ്. ഈ വാക്യം 47-ാം വാക്യത്തോട് താരതമ്യപ്പെടുത്തിയാൽ, കർത്താവിന്റെ മാംസം ഭക്ഷിക്കുന്നതും അവന്റെ രക്തം കുടിക്കുന്നതും അവനിൽ വിശ്വസിക്കുന്നതിന് തുല്യമാണെന്ന് നാം കാണും, കാരണം, വിശ്വസിക്കുക എന്നാൽ സ്വീകരിക്കുക എന്നാണ്(1:12).

### *3. നിവസിക്കുന്നതിനായി ഉയിർത്തെഴുന്നേറ്റു*

ജഡാവതാരം ഒന്നാമത്തെ പടിയാണെന്നും ക്രൂശ്മരണം രണ്ടാമത്തെ പടിയാണെന്നും നാം കണ്ടു. നമ്മുടെ ജീവനായി കർത്താവ് അവനെത്തന്നെ ലഭ്യമാക്കുവാനായി ചെയ്ത മൂന്നാമത്തെ പടിയാണ് പുനരുത്ഥാനം. യോഹന്നാൻ 6-ൽ"ജീവനെയും""ജീവനുള്ളതിനെയും"കുറിച്ച് കർത്താവ് പലവട്ടം പ്രതിപാദിക്കുന്നു. അവൻ ജീവന്റെ അപ്പമാണെന്ന് ഒരു വശത്ത് അവൻ പറഞ്ഞു. മറുവശത്ത്, താൻ ജീവനുള്ള അപ്പമാണന്ന് അവൻ പറഞ്ഞു(6:35,51). ജീവന്റെ അപ്പവും ജീവ

നുള്ള അപ്പവും തമ്മിലുള്ള വ്യത്യാസം നിങ്ങൾക്ക് മനസ്സിലായോ? ഒരുപക്ഷേ രണ്ടു ശൈലികളുടെയും അർത്ഥം ഒന്നുതന്നെയെന്ന് നിങ്ങൾക്കു തോന്നും. എന്നാൽ വചനം പഠിക്കുന്നതിനുള്ള ശരിയായ മാർഗ്ഗം രണ്ടുശൈലികളും പരിശോധിക്കുകയും അവ തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം നിർണ്ണയിക്കുകയുമാണ്. ജീവന്റെ അപ്പം പരാമർശിക്കുന്നത് അപ്പത്തിന്റെ പ്രകൃതത്തെ, അതായത് ജീവനെ ആണ്. ജീവനുള്ള അപ്പം പരാമർശിക്കുന്നത് അപ്പത്തിന്റെ അവസ്ഥയെ, അതായത് ജീവനുള്ളത് എന്നതിനെ ആണ്. അവൻ ജീവനുള്ള അപ്പമാണ്. അവൻ ക്രൂശിക്കപ്പെടുകയും അറുക്കപ്പെടുകയും ചെയ്തുവെങ്കിലും, അവൻ ഇപ്പോഴും ജീവിക്കുന്നു. പുനരുത്ഥാനത്തിൽ ജീവിക്കുന്നവൻ അവൻ മാത്രമാണ്. 56-ാം വാക്യം സൂചിപ്പിക്കുന്നത് പുനരുത്ഥാനത്തിന്റെ കാര്യമാണ്. "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു." നമ്മുടെ ജീവനും ജീവസഹായവുമായി നമ്മിൽ വസിക്കുന്നതിന് കർത്താവ് പുനരുത്ഥാനം ചെയ്യേണ്ടിയിരുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. കർത്താവിന്റെ പുനരുത്ഥാനത്തിനു മുമ്പ് അവന് നമ്മിൽ വസിക്കുവാൻ കഴിയുകയില്ലായിരുന്നു. അവന്റെ പുനരുത്ഥാനത്തിനു ശേഷമേ, അവന് നമ്മിൽ വസിക്കുവാൻ കഴിഞ്ഞുള്ളൂ. അതുകൊണ്ട്, അവൻ പുനരുത്ഥാനം ചെയ്യുവാനും നിവസിക്കുന്ന ആത്മാവായിത്തീരുവാനും പോകുകയായിരുന്നു എന്ന് 56-ാം വാക്യം സൂചിപ്പിക്കുന്നു.

"ജീവനുള്ള പിതാവ് എന്നെ അയച്ചിട്ടു ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ എന്നെ ഭക്ഷിക്കുന്നവൻ എൻമൂലം ജീവിക്കും" എന്ന് 57-ാം വാക്യത്തിൽ കർത്താവ് പറയുന്നു. ഭക്ഷിക്കുക എന്നാൽ ജൈവികമായി നമ്മുടെ ശരീരത്തിലേക്ക് സ്വാംശീകരിക്കപ്പെടുവാൻ ആഹാരം നമ്മിലേക്ക് സ്വീകരിക്കുക എന്നാണ്. അതുകൊണ്ട് യേശു കർത്താവിനെ ഭക്ഷിക്കുക എന്നാൽ ജീവന്റെ മാർഗ്ഗത്തിൽ വീണ്ടുംജനിച്ച പുതുമനുഷ്യനാൽ സ്വാംശീകരിക്കപ്പെടുവാൻ അവനെ നമ്മിലേക്ക് സ്വീകരിക്കുക എന്നാണ്. അപ്പോൾ നാം സ്വീകരിക്കുന്നവനാൽ നാം ജീവിക്കും. ഇങ്ങനെയാണ് പുനരുത്ഥാനം ചെയ്തവനായി അവൻ നമ്മിൽ ജീവിക്കുന്നത്(14:19-20). തത്ത്വത്തിൽ ഇതും മരണത്തെ ജീവനാക്കി മാറ്റുന്നതാണ്.

### *4. ആരോഹണം ചെയ്തു*

പുനരുത്ഥാനത്തിനു പിന്നാലെയാണ് ആരോഹണം. കർത്താവിന്റെ ആരോഹണം 62-ാം വാക്യത്തിൽ പരാമർശിച്ചിരിക്കുന്നു. തന്റെ വാക്കുകളെച്ചൊല്ലി പിറുപിറുത്ത ശിഷ്യന്മാർക്ക് മറുപടിയായി കർത്താവ് ഇങ്ങനെ പറഞ്ഞു, "മനുഷ്യപുത്രൻ മുമ്പെ ഇരുന്നിടത്തേക്ക് കയറിപ്പോകുന്നത് നിങ്ങൾ കണ്ടാലോ?"ഇവിടെ ഈ വാക്യത്തിൽ

അവന്റെ ആരോഹണത്തെക്കുറിച്ച് വ്യക്തമായി പരാമർശിച്ചിരിക്കുന്നു. അവന്റെ വീണ്ടെടുപ്പിൻ വേലയുടെ പൂർത്തീകരണത്തിനുള്ള തെളിവാണ് ആരോഹണം(എബ്രാ.1:3). കർത്താവ് പിതാവിങ്കലേക്ക് ആരോഹണം ചെയ്യുകയും പിതാവ് അവനെ സ്വീകരിക്കുകയും ചെയ്തു. അത്, നമ്മുടെ വീണ്ടെടുപ്പിനായി ക്രൂശിന്മേലുള്ള അവന്റെ പ്രവൃത്തി പിതാവിന് സ്വീകാര്യമായിരുന്നു എന്നതിന്റെ തെളിവായിരുന്നു. അതുകൊണ്ട്, പിതാവിന്റെ വലത്തുഭാഗത്ത് കർത്താവ് ആസനസ്ഥനായി. ക്രൂശിന്മേലുള്ള അവന്റെ വേല പിതാവായ ദൈവത്തെ തൃപ്തനാക്കി.

### *5. ജീവൻ നൽകുന്ന ആത്മാവായിത്തീരുന്നു*

“ജീവിപ്പിക്കുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല,” എന്ന് 63-ാം വാക്യം പറയുന്നു. ഈ ഘട്ടത്തിൽ, ജീവൻ നൽകുന്നവനായ ആത്മാവ് ആനയിക്കപ്പെട്ടു. ഉയിർപ്പിനു ശേഷവും ഉയിർപ്പിലൂടെയും ജഡമായിത്തീർന്ന കർത്താവായ യേശു(1:14), 1 കൊരിന്ത്യർ 15:45 വ്യക്തമായി പ്രസ്താവിക്കുന്നതുപോലെ ജീവൻ നൽകുന്നവനായ ആത്മാവായി. ജീവൻ നൽകുന്ന ആത്മാവ് എന്ന നിലയിലാണ് അവന് നമ്മുടെ ജീവനും ജീവസഹായവുമായിരിക്കുവാൻ കഴിയുന്നത്. ക്രൂശിക്കപ്പെട്ട്, പുനരുത്ഥാനം ചെയ്ത രക്ഷകനായി നാമവനെ സ്വീകരിക്കുമ്പോൾ, നമുക്ക് നിത്യജീവൻ പകരുവാൻ ജീവൻ നൽകുന്നവനായ ആത്മാവ് നമ്മിലേക്ക് വരുന്നു.

മനുഷ്യപ്രകൃതത്തോടുകൂടിയ മനുഷ്യത്വത്തെയാണ് മാംസം സൂചിപ്പിക്കുന്നത് എന്ന് ചിന്തിച്ച്, പലരും 63-ാം വാക്യം തെറ്റായി ധരിക്കുന്നു. പൂർവ്വാപരബന്ധം അനുസരിച്ച്, മാംസം എന്ന് ഇവിടെ പരാമർശിച്ചിരിക്കുന്നത്, മുൻ വാക്യങ്ങളിൽ കർത്താവ് തന്റെ മാംസം ഭക്ഷ്യയോഗ്യമാണെന്ന് പറഞ്ഞതുപോലെ, തന്റെ ഭൗതിക ശരീരത്തെയാണ്. തങ്ങൾക്ക് ഭക്ഷിക്കുവാനായി തന്റെ മാംസം അവനെങ്ങനെ നൽകുവാൻ കഴിയുമെന്ന് യെഹൂദന്മാർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. തന്റെ ഭൗതികശരീരത്തിലെ മാംസം അവർക്ക് അവൻ നൽകുമെന്ന് അവർ കരുതി(വാ.52). അവർ കർത്താവിന്റെ വാക്ക് ശരിയായി മനസ്സിലാക്കിയില്ല. അവർക്ക് അത് കഠിനവാക്കായിരുന്നു(വാ.60). ജീവിപ്പിക്കുന്നത് ആത്മാവാണെന്നും, മാംസം ഒന്നിനും ഉപകരിക്കുന്നില്ലെന്നും, ഈ ഘട്ടത്തിൽ കർത്താവ് പറഞ്ഞു. അതായത്, താൻ ആത്മാവായിത്തീരും എന്നായിരുന്നു കർത്താവ് അവരോട് പറഞ്ഞത്. അവൻ ആക്ഷരികമായി ജഡത്തിലായിരിക്കില്ല, ജഡത്തിൽനിന്ന് ആത്മാവിലേക്ക് കായാന്തരപ്പെടും. അതുകൊണ്ട് 63-ാം വാക്യത്തിൽ കർത്താവ് വിശദീകരിച്ചത്, താൻ അവർക്ക് ഭക്ഷിക്കുവാനായി നൽകുന്നത് തന്റെ ഭൗതികശരീരത്തിലെ മാംസമല്ല എന്നായിരുന്നു; ജഡത്തിൽനിന്നുള്ള മാംസം ഒന്നിനും ഉപകരിക്കുന്നില്ല. അവൻ നിത്യമായി നൽകുന്നത് ജീവൻ നൽകുന്ന ആത്മാവിനെ ആണ്. ആ

ആത്മാവ് പുനരുത്ഥാനത്തിൽ അവൻ തന്നെയാണ്.

ഏതുതരത്തിലുള്ള ക്രിസ്തുവിനെയാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്? നിങ്ങൾ സ്വീകരിച്ചിരിക്കുന്നത് ജഡത്തിലുള്ള ക്രിസ്തുവിനെയാണോ, അതോ ആത്മാവായ ക്രിസ്തുവിനെയാണോ? മുമ്പ് ചിലർ ജഡത്തിലുള്ള ക്രിസ്തുവിനെ അറിഞ്ഞിരുന്നു; എന്നാൽ ഇനിമേൽ അവനെ ജഡത്തിൽ അറിയുന്നില്ല എന്ന് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു(2 കൊരി.5:16). ഇപ്പോൾ അവർ ക്രിസ്തുവിനെ ആത്മാവായി അറിയുന്നു(2 കൊരി.3:17). തന്റെ മരണത്തിനും പുനരുത്ഥാനത്തിനും മുമ്പ് കർത്താവ് ജഡത്തിൽ അവതരിച്ചു; മരണത്തിനും പുനരുത്ഥാനത്തിനും ശേഷം അവൻ ജഡത്തിൽനിന്ന് ആത്മാവായി കായാന്തരപ്പെട്ടു(1 കൊരി.15:45). അതുകൊണ്ട്, ഇപ്പോൾ നാം സ്വീകരിക്കുന്ന ക്രിസ്തു ജഡത്തിലുള്ള ക്രിസ്തുവല്ല, ആത്മാവായ ക്രിസ്തുവാണ്. യോഹന്നാൻ 20-ലേക്ക് നാം വരുമ്പോൾ, തന്റെ പുനരുത്ഥാനത്തിന്റെ ദിനം സായാഹ്നത്തിൽ, അവൻ തന്റെ ശിഷ്യന്മാരുടെ അടുക്കൽ വന്ന് "പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ"എന്നു പറഞ്ഞുകൊണ്ട് അവരിലേക്ക് ഊതിയതായി നാം കാണും(20:20). അത് തന്റെ പുനരുത്ഥാനത്തിനു ശേഷമുള്ള അവൻതന്നെയാണ്, കാരണം അവന്റെ പുനരുത്ഥാനത്തിനു ശേഷം അവൻ ആത്മാവായി കായാന്തരപ്പെട്ടു. തന്റെ ക്രൂശ്മരണത്തിനു മുമ്പ് ആയിരുന്നതുപോലെ, അവൻ ഇനി ജഡത്തിലല്ല. അവൻ ഇപ്പോൾ ആത്മാവാണ്; അതുകൊണ്ട്, അവർ ആത്മാവിനെ സ്വീകരിക്കേണ്ടിയിരുന്നു. തന്റെ മരണത്തിനു മുമ്പ്, അവൻ ജഡത്തിലായിരുന്നപ്പോൾ, അവന് തന്റെ ശിഷ്യന്മാരോടൊപ്പവും അവരുടെ ഇടയിലും ആയിരിക്കുവാൻ മാത്രമേ കഴിഞ്ഞുള്ളൂ. എന്നാൽ അവന് അവരുടെ ഉള്ളിൽ ആകുവാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ, ആത്മാവെന്ന നിലയിൽ, അവന് അനായാസം നമ്മുടെ ഉള്ളിൽ ആയിരിക്കാം.

ഇന്ന്, കർത്താവുമായി ശാരീരികമായി ബന്ധപ്പെടേണ്ട ആവശ്യം നമുക്കില്ല. അവൻ ആത്മാവാകയാൽ നമ്മുടെ ഉള്ളിലുള്ള ആത്മാവായി നമുക്ക് അവനുമായി ബന്ധപ്പെടാം. അവൻ ജീവൻനൽകുന്ന ആത്മാവാണ്. അവൻ ആത്മാവാകയാൽ, നമുക്ക് അവനെ സ്വീകരിക്കുവാനും നമ്മുടെ ഭക്ഷണമായി അവനെ ആഹരിക്കുവാനും കഴിയും.

നാം യേശുകർത്താവിനെ സ്വീകരിക്കുമ്പോൾ, നമുക്ക് ജീവൻ നൽകുന്ന ആത്മാവിനെ ലഭിക്കുന്നു. കർത്താവായ യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന കാര്യത്താൽ നമുക്കിത് തെളിയിക്കുവാൻ കഴിയും. "കർത്താവായ യേശുവേ"എന്നു നാം വിളിക്കുമ്പോൾ, നമുക്ക്

ആത്മാവിനെ ലഭിക്കുന്നു. നാം കർത്താവായ യേശുവിനെ വിളിക്കുന്നു, എന്നാൽ നമുക്ക് ആത്മാവിനെ ലഭിക്കുന്നു. എന്തുകൊണ്ട്? കർത്താവായ യേശു ഇന്ന് ആത്മാവായതുകൊണ്ട്. നാം യേശുവിന്റെ നാമം വിളിക്കുമ്പോൾ, നമുക്ക് ആത്മാവിനെ ലഭിക്കുന്നു എന്ന വസ്തുത കർത്താവായ യേശു ഇന്ന് ആത്മാവാണ് എന്നതിന്റെ ശക്തമായ തെളിവാണ്. "കർത്താവായ യേശു"എന്നു പറയുന്ന ഏവനും ആത്മാവിലാണ്(1 കൊരി.12:3). യേശു എന്നത് പേരും ആത്മാവ് വ്യക്തിയുമാണ്. യേശു എന്ന വ്യക്തിയാണ് ആത്മാവ്. ഈ ഘട്ടത്തിൽ നാം യോഹന്നാൻ 14:26 വായിക്കേണ്ടതുണ്ട്."എങ്കിലും പിതാവ് എന്റെ നാമത്തിൽ അയയ്ക്കുവാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരുകയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും." പിതാവ് പരിശുദ്ധാത്മാവായ കാര്യസ്ഥനെ പുത്രന്റെ നാമത്തിൽ അയയ്ക്കുന്നു. പുത്രന്റെ നാമത്തിൽ ആത്മാവിനെ അയയ്ക്കുന്നു. ആരാണ് ആത്മാവ്? യേശു എന്ന വ്യക്തിയാണ് ആത്മാവ്. അതായത്, നമുക്ക് നാമവും വ്യക്തിയും ഉണ്ട്. ആത്മാവിനെ ലഭിക്കുന്നതിനുള്ള ഏറ്റവും എളുപ്പമായ മാർഗ്ഗം കർത്താവായ യേശുവിന്റെ നാമം വിളിക്കുക എന്നതാണ്. നിങ്ങൾ "കർത്താവായ യേശുവേ"എന്നു വിളിക്കുമ്പോഴെല്ലാം, നിങ്ങൾക്ക് ആ വ്യക്തിയെ ലഭിക്കുന്നു. ആ വ്യക്തി ആത്മാവാണ്. കർത്താവായ യേശുവിന്റെ നാമം വിളിക്കുമ്പോഴെല്ലാം, നമുക്ക് ആത്മാവിനെ ലഭിക്കുന്നു. പ്രിയനായ യേശുകർത്താവെന്ന വ്യക്തിയാണ് ആത്മാവ്.

### *6. ജീവന്റെ വചനത്തിൽ ദേഹരൂപം എടുത്തിരിക്കുന്നു*

ക്രിസ്തു ജീവന്റെ അപ്പമായി ജീവന്റെ വചനത്തിൽ ദേഹരൂപം എടുത്തിരിക്കുന്നു. ആത്മാവ് അത്ഭുതം നിറഞ്ഞതാണെങ്കിലും അത് വളരെ മാർമ്മികമാണ്. നമുക്ക് ദൃഢവും ദൃശ്യവും സുവ്യക്തവും സ്പൃശ്യവുമായ ഒന്ന്-ജീവന്റെ വചനം- ആവശ്യമാണ്. "ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" എന്ന് 63-ാം വാക്യത്തിൽ കർത്താവ് പറയുന്നു. വചനം സുസ്ഥിരമാണ്.

ഈ വാക്യത്തിൽ "വചനങ്ങൾ" ഗ്രീക്കിൽ "*റീമാ*"(rhema) ആണ്. അതിനർത്ഥം തത്സമയത്തെ, ഇപ്പോഴത്തെ പറയപ്പെട്ട വാക്ക് എന്നാണ്. ലൊഗോസ്(*logos*)വ്യത്യസ്തമാണ്; അതിന് യോഹന്നാൻ 1:1-ലെപ്പോലെ, സ്ഥിരവചനം എന്നാണർത്ഥം. ആത്മാവ് ജീവനുള്ളതും യഥാർത്ഥവും ആണ്; കൂടാതെ മർമ്മികവും അസ്പൃശ്യവും ദുർഗ്രഹവും ആളുകൾക്ക് മനസ്സിലാക്കുവാൻ വിഷമമുള്ളതും ആണ്. ജീവൻ നൽകുന്നതിനായി താൻ ആത്മാവായിത്തീരുമെന്ന് കർത്താവ് ഒന്നാമത് സൂചിപ്പിച്ചു. പിന്നീട്, താൻ സംസാരിക്കുന്ന

വചനങ്ങൾ ആത്മാവും ജീവനും ആകുന്നുവെന്ന് അവൻ പറഞ്ഞു. ഇത് കാണിക്കുന്നത് താൻ സംസാരിച്ച വചനങ്ങൾ ജീവൻ നൽകുന്ന ആത്മാവിനെ ഉൾക്കൊള്ളുന്നതാണ് എന്നാണ്. അവൻ ഇപ്പോൾ പുനരുത്ഥാനത്തിൽ ജീവൻനൽകുന്ന ആത്മാവാണ്. ആത്മാവ് അവന്റെ വചനങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്നു. നമ്മുടെ ആത്മാവിനെ പ്രയോഗിച്ചുകൊണ്ട് നാം അവന്റെ വചനങ്ങളെ സ്വീകരിക്കുമ്പോൾ നമുക്ക് ജീവനാകുന്ന ആത്മാവ് ലഭിക്കുന്നു.

വചനം നമുക്ക് പുറമേയുള്ളതാണ്. ഞാൻ വചനം എന്നിലേക്ക് സ്വീകരിക്കുമ്പോൾ, ഉടനെ അത് ആത്മാവായിത്തീരുന്നു. ഞാൻ വചനം സംസാരിക്കുമ്പോൾ ആത്മാവ് വീണ്ടും വചനമായിത്തീരുന്നു. നിങ്ങൾ വചനം നിങ്ങളിലേക്ക് സ്വീകരിക്കുമ്പോൾ വചനം ഒരിക്കൽകൂടി ആത്മാവാകുകയും, നിങ്ങൾ വചനം സംസാരിക്കുമ്പോൾ, അത് വീണ്ടും ആത്മാവാകുകയും ചെയ്യുന്നു. നാം സുവിശേഷം പ്രസംഗിക്കുമ്പോൾ, വാസ്തവത്തിൽ നാം വചനമാണ് പ്രസംഗിക്കുന്നത്. ജനം സുവിശേഷം വിശ്വസിക്കുമ്പോൾ, അവർ വചനം വിശ്വസിക്കുന്നു. അത് അസാധാരണമായി തോന്നുമെങ്കിലും ജനം വചനം സ്വീകരിക്കുമ്പോൾ, വാസ്തവത്തിൽ വചനം അവരുടെയുള്ളിൽ ആത്മാവായിത്തീരുകയാണ്. ഉദാഹരണത്തിന്, യോഹന്നാൻ 3:16-ലൂടെയാണ് നിങ്ങൾ കർത്താവിലേക്ക് വന്നതെങ്കിൽ,"കർത്താവേ നീ എനിക്ക് നല്ലവനായതുകൊണ്ട് ഞാൻ നിനക്ക് നന്ദി പറയുന്നു. നീ നിന്റെ പുത്രനെ എനിക്കു നൽകി"എന്നു നിങ്ങൾ പ്രാർത്ഥിച്ചിരിക്കാം. നിങ്ങൾ ഈ വാക്കുകൾ വിശ്വസിച്ചപ്പോൾ നിങ്ങളുടെ ഉള്ളിൽ എന്താണ് സംഭവിച്ചത്? നിങ്ങൾ ഈ വാക്കുകൾ വിശ്വസിച്ചപ്പോൾ എന്തോ ഒന്ന് നിങ്ങളുടെയുള്ളിൽ ജീവിപ്പിക്കപ്പെടുകയും ജീവനുള്ളതായിത്തീരുകയും ചെയ്തു. മനസ്സിൽ നിങ്ങൾക്ക് കുറച്ച് അവബോധം ലഭിച്ചു എന്നല്ല, മറിച്ച് നിങ്ങളുടെ ഹൃദയത്തിലും ആത്മാവിലും എന്തോ ഒന്ന് ജീവിക്കുന്നതായിത്തീർന്നു എന്നാണ് ഞാൻ അർത്ഥമാക്കുന്നത്. നിങ്ങൾ വചനം വിശ്വസിച്ചു, എന്നുവരികിലും നിങ്ങൾക്ക് ആത്മാവിനെ ലഭിച്ചു. നിങ്ങൾക്ക് പുറമേയുള്ള വചനം നിങ്ങളുടെയുള്ളിൽ ആത്മാവായിത്തീർന്നു. അത് പുറമേയുള്ള വചനമായിരുന്നു, എന്നാൽ അത് അകമേയുള്ള ആത്മാവായിത്തീർന്നു. നിങ്ങൾ വചനം കേൾക്കുകയും, അത് സ്വീകരിക്കുകയും ചെയ്തപ്പോൾ നിങ്ങൾക്കെങ്ങനെയോ ആത്മാവിനെയും ലഭിച്ചു. ഇത് വളരെ നിഗൂഢവും അത്ഭുതകരവുമാണ്.

കർത്താവ് ആത്മാവും വചനവും ആകുന്നു. പുനരുത്ഥാനം ചെയ്ത ക്രിസ്തു ആത്മാവും, ആത്മാവ് വചനവും, വചനം ആത്മാവും, ആത്മാവ് നമുക്ക് ആസ്വദിക്കുവാൻവേണ്ടിയുള്ള പുനരുത്ഥാനം ചെയ്ത കർത്താവുമാണ്. ഇപ്പോൾ അവൻ എന്താണെന്നും, അവൻ

എവിടെയാണെന്നും നമുക്കറിയാം. അതുകൊണ്ട്, നാം ആത്മാവിൽ വചനത്തെ സന്ധിക്കുമ്പോൾ, വാസ്തവത്തിൽ നാം ജീവനുള്ള അപ്പമായ കർത്താവുമായിത്തന്നെയാണ് ബന്ധപ്പെടുന്നത്. നാം ആത്മാവിൽ വചനം സ്വീകരിക്കുമ്പോൾ, സമൃദ്ധമായ ജീവസഹായമായി ക്രിസ്തുവിനെത്തന്നെയാണ് നാം സ്വീകരിക്കുന്നത്. ഇപ്പോൾ, നാം ദിനംതോറും, നമ്മുടെ ഭക്ഷണവും ജീവനും ജീവസഹായവുമായി ഈ പുനരുത്ഥാനം ചെയ്ത അത്ഭുതവാനായ ക്രിസ്തുവിൽ പങ്കുള്ളവരാണ്. അവൻ ജീവൻ നൽകുന്ന ആത്മാവും ജീവന്റെ വചനവുമാണ്.

68-ാം വാക്യത്തിൽ ശിമോൻ പത്രൊസ് ശ്രദ്ധേയമായ ഒന്ന് പറഞ്ഞു. "കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്." കർത്താവിനെ ലഭിക്കുന്നതിനുള്ള ഒരേയൊരു മാർഗ്ഗമായ ജീവന്റെ വചനത്തോടെ, ഈ അദ്ധ്യായം അവസാനിക്കുന്നു. ഇന്നത്തെ പ്രശ്നം വചനത്തിൽ ദഹിച്ചുപോകുന്നു. നിങ്ങൾ വചനം സ്വീകരിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ഉള്ളിൽ ആത്മാവ് ഉണ്ടായിരിക്കും; നിങ്ങൾക്ക് ഉള്ളിൽ ആത്മാവ് ഉണ്ടെങ്കിൽ അപ്പോൾ നിങ്ങൾക്ക് ആന്തരിക ജീവസഹായമായി ക്രിസ്തുവുണ്ട്.

നമുക്ക് സ്വീകരിക്കുവാനായി കർത്താവ് അവനെത്തന്നെ നമുക്ക് പ്രാപ്യനാക്കിയ ആറു പടികൾ-ജഡാവതാരം, ക്രൂശ്മരണം, ഉയിർത്തെഴുന്നേൽപ്പ്, ആരോഹണം, ജീവൻനൽകുന്ന ആത്മാവാകൽ, ജീവന്റെ വചനത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്- നാം കണ്ടു. കർത്താവ് ജഡം ധരിക്കുകയും ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേല്ക്കുകയും ആരോഹണം ചെയ്യുകയും ജഡത്തിൽനിന്ന് ആത്മാവിലേക്ക് കായാന്തരപ്പെടുകയും വചനത്തിൽ ഉൾക്കൊണ്ടിരിക്കുകയും ചെയ്തിരിക്കുന്നു. കർത്താവിന്റെ ആത്മാവിന്റെ മൂർത്തരൂപമാണ് വചനം. കർത്താവുമായി ബന്ധപ്പെടുവാൻ അറിയില്ലെന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുകയില്ല, കാരണം കർത്താവ് വചനത്തിൽ മൂർത്തരൂപമായിരിക്കുന്നു. അവൻ ആത്മാവും വചനവുമാണ്. നിങ്ങൾ വചനം സ്വീകരിക്കുന്നുവെങ്കിൽ, ക്രിസ്തുവിന്റെ ആസ്വാദനമായി നിങ്ങൾക്ക് ആത്മാവ് ഉണ്ടായിരിക്കും.

ഇപ്പോൾ നമുക്ക് മാനുഷിക ധാരണയും ദിവ്യചിന്തയും തമ്മിലുള്ള വ്യത്യാസം വിവേചിച്ചറിയാം. മതപരമായ മാനുഷികധാരണയിലാണ് "ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തികൾ ചെയ്യേണ്ടതിന് ഞങ്ങൾ എന്തു ചെയ്യണം"എന്ന് 28-ാം വാക്യത്തിൽ, യെഹൂദന്മാർ ചോദിച്ചത്. തിരുവെഴുത്തുകളിലുടനീളം ഈ അദ്ധ്യായത്തിൽ മാത്രമേ മതഭക്തരായ യെഹൂദന്മാർ ഇത്തരമൊരു ചോദ്യം ചോദിക്കുന്നുള്ളൂ. മതോപദേശം എപ്പോഴും നമ്മെ പ്രവർത്തിക്കുക, പ്രവർത്തിക്കുക എന്ന് പ്രബോധിപ്പിക്കുന്നു. മനുഷ്യന്റെ ധാരണ പ്രവൃത്തിയാണ്;

ദൈവത്തിന്റെ ചിന്ത വിശ്വസിക്കുന്നതും.

നാം ചെയ്യുവാനായി ദൈവം ആഗ്രഹിച്ചതും മുൻനിർണയിച്ചതുമായ പ്രവൃത്തി അവന്റെ പുത്രനിലേക്ക് വിശ്വസിക്കുക എന്നതാണ്. 29-ാം വാക്യത്തിലെ"അവനിൽ;"(ആധികാരിക ഭാഷ്യത്തിൽ "അവന്മേൽ") ഗ്രീക്ക് മൂലമനുസരിച്ച് "അവനിലേക്ക്" എന്ന് തർജ്ജമ ചെയ്യണം. കർത്താവായ യേശു, അവനെ വിശ്വസിക്കുക എന്നല്ല, മറിച്ച് *അവനിലേക്ക്* വിശ്വസിക്കുക എന്നാണ് നമ്മോട് പറഞ്ഞത്. യോഹന്നാൻ 6 രണ്ടുതരത്തിലുള്ള വിശ്വസിക്കലുകൾ കാണിക്കുന്നു-അവനെ വിശ്വസിക്കുന്നതും അവനിലേക്ക് വിശ്വസിക്കുന്നതും. കർത്താവ് അവരുടെ ചോദ്യത്തിന് മറുപടി പറഞ്ഞശേഷം 30-ാം വാക്യത്തിൽ യെഹൂദന്മാർ പ്രതിവചിച്ചുകൊണ്ട് പറയുന്നു,"ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കേണ്ടതിനും നീ എന്തു അടയാളം ചെയ്യുന്നു? എന്തു പ്രവർത്തിക്കുന്നു?" അവർ പറഞ്ഞത്,"നിന്നെ വിശ്വസിക്കേണ്ടതിന്"എന്നാണ്, എന്നാൽ കർത്താവ് പറഞ്ഞത് അത് അല്ലായിരുന്നു."അവനിലേക്ക് വിശ്വസിക്കുക"എന്നായിരുന്നു കർത്താവ് അവരോട് പറഞ്ഞത്. റോമർ 6:3-ൽ "ക്രിസ്തുവിലേക്ക് സ്നാനമേറ്റു" എന്നതിന് ഉപയോഗിച്ചിരിക്കുന്ന അതേ ഉപസർഗ്ഗം തന്നെയാണ് ഇവിടെയും. നാം കണ്ടതുപോലെ അവനെ വിശ്വസിക്കുക എന്നാൽ അവൻ സത്യവാനാണെന്നും അവനെ സംബന്ധിച്ചതെല്ലാം ശരിയാണെന്നും ആണ്. പക്ഷേ അവനിലേക്ക് വിശ്വസിക്കുക എന്നാൽ അവനെ സ്വീകരിക്കുകയും അവനുമായി ഇഴുകിച്ചേർന്ന് ഒന്നാകുകയുമാണ്. നിങ്ങൾ അവനിലേക്ക് വിശ്വസിക്കുമ്പോൾ അവിടെ നിങ്ങളും ക്രിസ്തുവും തമ്മിൽ ഒരു സംയോജനവും ഒരുമയും ഉണ്ട്. അതായത്, നിങ്ങൾ അവനിലേക്ക് വരുകയും അവനെ നിങ്ങളിലേക്ക് സ്വീകരിക്കുകയും ചെയ്തു. ദിവ്യചിന്തയനുസരിച്ച്, നമുക്ക് ചെയ്യുവാനൊന്നുമില്ല, പിന്നെയോ നാം ക്രിസ്തുവിലേക്ക് വിശ്വസിക്കുകയും ദിനന്തോറും അവനെ നമ്മിലേക്ക് സ്വീകരിക്കുകയുമാണ് വേണ്ടത്.

"എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു."നമ്മെ സംബന്ധിച്ച്, ദൈവത്തിന്റെ പ്രവൃത്തി ക്രിസ്തുവിനെ ഭക്ഷിക്കുന്നതും അവനെ സ്വീകരിക്കുന്നതും അവനാൽ ജീവിക്കുന്നതും അല്ലാതെ മറ്റൊന്നല്ല. ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനെ കുറിച്ചുള്ള നമ്മുടെ മാനുഷിക ധാരണയിൽ മാറ്റം വരുത്തണം. ക്രിസ്തുവിനാൽ ജീവിക്കേണ്ടതിന് നിത്യേന നാം ക്രിസ്തുവിനെ ഭക്ഷിക്കണം. അവനെ ഭക്ഷിക്കുന്നവൻ അവനാൽ ജീവിക്കുമെന്ന് ഈ അദ്ധ്യായത്തിൽ അനേക തവണ കർത്താവ് പറയുന്നു(6:51,57,58). ഇന്നത്തെ പ്രശ്നം പ്രവൃത്തിയല്ല, ജീവനാണ്. ഏതു തരത്തിലുള്ള ജീവനാണ് നിങ്ങൾ ജീവിക്കുന്നത്? നിങ്ങൾ ജീവിക്കുന്ന ജീവനിൽ നിങ്ങൾ

സംതൃപ്തരാണോ? നിങ്ങൾ ക്രിസ്തുവിനെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്ക് കേവലം ജീവനില്ല. നിങ്ങൾക്ക് ജീവനില്ലെങ്കിൽ നിങ്ങൾക്കെങ്ങനെ ജീവിക്കുവാൻ കഴിയും? "ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല"എന്ന് 53-ാം വാക്യം പറയുന്നു. ദിവ്യചിന്ത ദൈവത്തിനുവേണ്ടി പ്രവർത്തിക്കുകയല്ല, ക്രിസ്തുവിനെ നമ്മുടെ ഭക്ഷണവും പാനീയവുമായി സ്വീകരിക്കുകയാണ്. ക്രിസ്തുവിൽനിന്ന് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതിലൂടെ നാം ക്രിസ്തുവിനാൽ നിറയും. അപ്പോൾ നമുക്ക് ദൈവത്തിനുവേണ്ടി ശരിയായി ജീവിക്കുവാൻ കഴിയും.

ആകമാന വേദപുസ്തകത്തിലെ ഏറ്റവും ശക്തവും അസാധാരണവുമായ വാചകം 57-ാം വാക്യമാണ്. "ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും."സർവ്വശക്തനായ ദൈവവും പ്രപഞ്ചത്തിന്റെ സ്രഷ്ടാവുമായ കർത്താവ് അവനെ ഭക്ഷിക്കുവാൻ നമ്മെ പ്രബോധിപ്പിക്കുന്നു. മനുഷ്യന് അപ്രകാരം ഒരു ചിന്ത ഒരിക്കലും ഉണ്ടാകുകയില്ല. ഈ വചനം കർത്താവ് സംസാരിച്ചില്ലായിരുന്നുവെങ്കിൽ കർത്താവിനെ ഭക്ഷിക്കണം എന്നു പറയുവാൻ വേണ്ടത്ര ധൈര്യം നമുക്കാർക്കും ലഭിക്കുമായിരുന്നില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. നാം കർത്താവിനെ ആരാധിക്കുകയും ഭയപ്പെടുകയും വേണം, കർത്താവിനെ വിശ്വസിക്കുകയും അനുസരിക്കുകയും വേണം. നാം പ്രാർത്ഥിക്കുകയും കർത്താവിനുവേണ്ടി പ്രവർത്തിക്കുകയും വേണം എന്നൊക്കെ നമുക്ക് തീർച്ചയായും പറയുവാൻ കഴിയും. കർത്താവിനുവേണ്ടി നാം ചെയ്യേണ്ടതെന്തെന്ന് വിശദീകരിക്കുവാൻ മറ്റു പല ക്രിയാപദങ്ങളും നമുക്കുപയോഗിക്കാനാകും. എന്നാൽ നാം അവനെ ഭക്ഷിക്കണം എന്നു ചിന്തിക്കുവാൻ നാം ഭയപ്പെടുമായിരുന്നു. ജീവിച്ചിരിക്കുവാൻ ദിവസം മൂന്ന് നേരം നാം ഭക്ഷിക്കണം. അതായത്, നാം ഭക്ഷിക്കുന്നതിനാൽ ജീവിക്കുന്നു. അതുപോലെ, കർത്താവിനാൽ ജീവിക്കുവാൻ കഴിയേണ്ടതിന് നാം കർത്താവിനെ ഭക്ഷിക്കണം. യോഹന്നാൻ 6-ാം അദ്ധ്യായം മുഴുവനിലേയും ഏറ്റവും പ്രധാന ആശയം കർത്താവ് നമ്മുടെ ഭക്ഷണം, ജീവന്റെ അപ്പം, ആകുന്നു എന്നതാണ്. അവനെ ഭക്ഷിക്കുന്നത് ഒരിക്കൽ മാത്രമുള്ള കാര്യമല്ല. അത് നിത്യേനയുള്ള കാര്യമാണ്. അത് ദിനന്തോറുമുള്ള കാര്യവും കർത്താവിനെ സംബന്ധിച്ച നിമിഷംതോറുമുള്ള അനുഭവവും ആണ്. കിഴക്കായാലും പടിഞ്ഞാറായാലും, ജനം തങ്ങൾ ജീവിക്കേണ്ടതിന് തുടർച്ചയായി ഭക്ഷിക്കുന്നു. അതുകൊണ്ട്, നാമെല്ലാവരും കർത്താവുമായി ബന്ധപ്പെടുകയും അവനെ ഭക്ഷിക്കുകയും വേണം. നാം

കേവലം ബലഹീനരായ മനുഷ്യരല്ല, നമ്മുടെ ജീവസഹായമായി കർത്താവിനെ ആവശ്യമുള്ള വിശപ്പുള്ള മനുഷ്യരാണ്. കർത്താവ് ഭക്ഷ്യയോഗ്യനാണ്, കാരണം അവൻ ജീവന്റെ അപ്പമാണ്. ഒരു അപ്പക്കഷണം പോലെ അവൻ ഭക്ഷ്യയോഗ്യനാണ്. വചനമായും ആത്മാവായും അവനെ ഭക്ഷിക്കുവാൻ നാം നമ്മുടെ ആത്മാവിനെ പ്രയോഗിക്കണം. അപ്പോൾ നമുക്ക് അവനെ നമ്മിലേക്ക് സ്വീകരിക്കുവാനും അവനെ പചിക്കുവാനും അവനെ അനുഭവമാക്കുവാനും നിമിഷം തോറും അവനെ പ്രയോഗിക്കുവാനും കഴിയും. ഇതാണെല്ലാം-മറ്റൊന്നുമില്ല. നാം നമ്മുടെ പ്രവൃത്തിയുടെയും വേലയുടെയും കാര്യം കളഞ്ഞിട്ട് കർത്താവിനെ ഭക്ഷിക്കുവാൻ പഠിക്കുകയും, അവനിൽ നിന്ന് ഭക്ഷിച്ചതിനാൽ ജീവിക്കുകയും വേണം. ഇതാണ് നമ്മുടെ അനുദിന ജീവിതത്തിനുവേണ്ടിയുള്ള ജീവന്റെ ദിവ്യമാർഗ്ഗം.